# ഉറങ്ങുന്ന കേരളം

## മണ്ണിക്കരോട്ട്

രാവിലെ വിളിച്ചാൽ ഉദ്ദേശിക്കുന്നവർ ഉണ്ടാകുമെന്ന ഉദ്ദേശ്യത്തിലാണ് ഫോൺ ചെയ്തത്. നാട്ടൽ അപ്പോൾ ഏതാണ്ട് ഏഴ്–ഏഴരമണി സമയം. രാവിലത്തെ ദിനചര്യകൾ കഴിഞ്ഞ് പ്രഭാത ഭക്ഷണത്തിന്റെ സമയമായിരിക്കുമെന്ന് കരുതി. ടെലിഫോൺ പല പ്രാവശ്യം അടിച്ചുകഴിഞ്ഞപ്പോൾ ഗൃഹനായികയുടെ പതറിയ ശബ്ദം കേട്ടു. ഉറക്കച്ചടവിന്റെ ആലസ്യങ്ങൾ വിളിച്ചോതുന്ന ശബ്ദം. എങ്കിലും ചില നിമിഷങ്ങൾ കുശലം പറഞ്ഞു. അതിനുശേഷം കുഞ്ഞുമോന്റെ കയ്യിൽ ഫോൺ കൊടുക്കാൻ ആവശ്യപ്പെട്ടു. ഉടനെ മറുപടി കിട്ടി.

"അച്ചായൻ ഉറക്കമാണ്."

കോട്ടയത്തുവച്ച് ഒരു ദിവസം രാവിലെ ഏതാണ്ട് ആറുമണി സമയം. ഹോട്ടലിൽനിന്ന് അന്നത്തെ യാത്രയ്ക്കിറങ്ങിയതാണ്. ഒരു നല്ല നാടൻ ചായ കുടിയ്ക്കാൻ മോഹം. അപ്പോൾ ചായ കിട്ടുക പ്രയാസമായിരിയ്ക്കുമെന്ന് ഡ്രൈവർ മുന്നറിയിപ്പുതന്നെങ്കിലും ശ്രമിക്കുകതന്നെയെന്ന് ചായകുടിയ്ക്കാനുള്ള മോഹം എന്നെ പ്രേരിപ്പിച്ചു. അടുത്തുകണ്ട സാമാന്യം ഭേദപ്പെട്ടതെന്ന് തോന്നിയ്ക്കുന്ന ഒരു റെസ്റ്റൊറന്റിന്റെ മുമ്പിൽ കാർ നിർത്തി. അപ്പോൾ പൊതുനിരത്തുകൾ വെറുതെ കിടക്കുന്നു. റോഡിലെങ്ങും ഒറ്റ വാഹനംപോലും കാണാനില്ല. കടകളെല്ലാം അടഞ്ഞുകിടക്കുന്നു. ഒന്നുരണ്ടിടത്തുകണ്ട പത്രക്കാരൊഴിച്ചാൽ പട്ടണം ശാന്തം.

ഞങ്ങൾനിന്ന റെസ്റ്റൊറന്റിന്റെ മുൻവാതിൽ തുറന്നിട്ടില്ലെങ്കിലും പൂട്ടിയിട്ടില്ല. അത്രയുമെങ്കിലും ഭാഗ്യമെന്ന് ഞാൻ കരുതി. വാതിൽ തുറന്ന് ആദ്യം ഡ്രൈവറും പുറകെ ഞാനും അകത്തു കയറി. അകത്ത് അരണ്ട വെളിച്ചം മാത്രം. ആരേയും കാണാനുമില്ല. നിശബ്ദത. വേണ്ടത്ര വെളിച്ചമില്ലാത്ത, ആരുമില്ലാത്ത വലിയ ഹാൾ. എനിക്ക് ഭയംതോന്നിയില്ലെങ്കിലും അല്പമൊരനിഷ്ടം.

നിമിഷങ്ങൾ കഴിഞ്ഞിട്ടും ആരേയും കാണാനില്ല. ഡ്രൈവർ യാതൊരു കൂസലുമില്ലതെ മുമ്പോട്ട് നടന്നു. പൂറകെ പതുക്കെ പതുക്കെ ഞാനും. ഞങ്ങൾ ഹാളിന്റെ മറ്റേ അറ്റത്തെത്തി. അപ്പോഴും ആരേയും കാണാനില്ല. ഡ്രൈവർ നാടൻ രീതിയിൽ ഏതോ ശബ്ദം പുറപ്പെടുവിച്ചു. അല്പം കഴിഞ്ഞപ്പോൾ കയ്‌ലി മുണ്ടുടുത്ത, മേൽവസ്ത്രമില്ലാത്ത ഒരു മനുഷ്യൻ തലയും ചൊറിഞ്ഞുകൊണ്ട് പ്രാഞ്ചിപ്രാഞ്ചി പ്രത്യക്ഷനായി. അയാൾ ആദ്യമായി വായ് വലിച്ചുതുറന്ന് ഒരു കോട്ടുവാ പാസ്സാക്കി (അകന്നുനിന്നത് ഭാഗ്യം). വീണ്ടും തലചൊറിഞ്ഞുകൊണ്ട് ആരോടെന്നില്ലാതെ വളരെ അലസവും അരോചകവുമായ രീതിയിൽ ചോദിച്ചു.

"ഉം, എന്തുവാ?"

"ചായ കിട്ടുമോ?"

കടുത്ത സ്വരത്തിൽ ഡ്രൈവർ ആരാഞ്ഞു.

"ഇല്ല. ഏട്ടുമണി കഴിയും."

മറുപടി കിട്ടി.

"ഇപ്പോൾ ഈ ഭാഗത്ത് എവിടെ ചായ കിട്ടുമെന്നറിയാമോ?"

ഡ്രൈവർ വീണ്ടും തിരക്കി.

"പൊറത്ത് വല്ല തട്ടുകടയിലും കിട്ടിയേക്കും."

അതുകേട്ടപ്പോൾ, ഇവിടെ അധികം നേരം നിന്നാൽ തട്ടുകിട്ടുമോയെന്ന് സംശയിച്ചുപോയി.

പിന്നെ ഒട്ടും താമസിച്ചില്ല, അയാൾ അകത്തേക്ക് വലിഞ്ഞു.

അയാൾ പറഞ്ഞത് ശരിയാണ്. അതിരാവിലെ സജീവമായി പ്രവർത്തിക്കുന്ന തട്ടുകടകൾ കണ്ടിട്ടുണ്ട്. അവിടെ ചായ മാത്രമല്ല, നല്ല ചൂടു ദോശയും മറ്റ് പലഹാരങ്ങളുമൊക്കെ കിട്ടും. അതിനുചുറ്റും ആളുകൾ കൂടിയിരിക്കും. പത്രം വിൽപ്പനക്കാരും രാവിലെ എന്തെങ്കിലും പണിയ്ക്കു പോകുന്നവരുമായിരിക്കും അവർ. റെസ്റ്റൊറന്റുകൾ തുറക്കണമെങ്കിൽ എട്ടുമണികഴിയും. കാരണം അവിടുത്തെ ഉപഭോക്താക്കളെന്ന ഉയർന്നവർ രാവിലെ ഉറക്കത്തിലായിരിക്കും.

കേരളത്തിൽ ആളുകൾ മാത്രമല്ല രാവിലെ ഉറങ്ങുന്നത്. പട്ടണങ്ങളും ഉറക്കത്തിൽ തന്നെ. എട്ടുമണിയായാലും പൊതുനിരത്തുകൾ പൊതുവെ ശാന്തം. മനുഷ്യർ കൂർക്കം വലിച്ചുറങ്ങുന്നതിനിടയിൽ ആരെങ്കിലും മൂരിയിട്ടുണരുന്നതുപോലെ ഇടയ്ക്കിടക്ക് ചിന്നിചിതറി ചീറിപായുന്ന ചുരുക്കം ചില വാഹ

നങ്ങൾമാത്രം കാണാം. ഇടയ്ക്കിടയ്ക്ക് വമ്പൻ ബസുകൾ ഭ്രാന്തെടുത്തോടുന്ന കൊലകൊമ്പന്മാരെപ്പോലെ മിന്നി മറയുന്നതും കാണാം.

എന്നാൽ രാവിലെ ഏതാണ്ട് ഒൻപത് ഒൻപതരമുതൽ രംഗം പതുക്കെ മാറുന്നു. പൊതുനിരത്തുകളിൽ തിക്കുംതിരക്കുമായി. വാഹനങ്ങൾ ഓടുന്നതുപോകട്ടെ നീങ്ങാൻകൂടി പ്രയാസം. മുട്ടിയും ഉരുമ്മിയും ഇഴഞ്ഞിഴഞ്ഞുമാണ് അതൊക്കെ നീങ്ങുന്നത്. അതിൽ എല്ലാവിധ വാഹനങ്ങളും ഉൾപ്പെടും. ബസുകൾ, കാറുകൾ, ലോറികൾ, ഇരുചക്രവാഹനഹനങ്ങൾക്കു കണക്കില്ല. ഇടയ്ക്ക് ചക്കിടാവണ്ടികളും കണ്ടെന്നിരിക്കാം. സൈക്കിൾ സവാരിക്കാരും കുറവല്ല. ഇതിനെല്ലാം ഇടയിലാണ് ഓട്ടോറിക്ഷാകളുടെ സ്വൈര്യവിഹാരം. അവർക്ക് എവിടെയും എപ്പോഴും ആരോയും ഇടിച്ചിട്ട് ഓടിക്കയറാൻ ചീട്ടുകിട്ടിയിട്ടുള്ളതുപോലെയാണ്.

മോട്ടോർ വാഹനങ്ങളിൽനിന്ന് അലറി വിളിക്കുന്ന വിവിധ ഹോൺ ശബ്ദങ്ങൾ മുഴങ്ങി കേൾക്കാം. മോട്ടൊർ ബൈക്കുകാരുടെ പട്പട് ശബ്ദം. സൈക്കിൾ സവാരിക്കാർ കിണുകിണാ മണികിണുക്കിക്കൊണ്ട് വപ്പ് കടിച്ച് ആഞ്ഞ് ചവിട്ടുന്നു. ചക്കിടാവണ്ടികളുടെ ചടുചടു, കിടുകിടു, കടുകടു ശബ്ദം. വണ്ടിക്കാർ താളത്തിൽ ചാട്ടാചുഴറ്റി, കാളകളുടെ വാൽ ഞെരിച്ച് മുക്രായിട്ട് ശ്രുതി കൂട്ടുന്നു. ഇടയ്ക്കിടയ്ക്ക് കാളകളുടെ മുതുകിൽ ചാട്ടയുടെ ശീൽക്കാരം പതിയുന്നുമുണ്ട്. കാളകൾ തലകുലുക്കി കുടമണിയാട്ടി തങ്ങൾക്ക് ചുറ്റും നടക്കുന്നതൊന്നും അറിയാത്ത മട്ടിൽ വേഗത്തിൽ നീങ്ങുന്നു. ഇതിനിടയിൽ കാൽനടക്കാർക്ക് ഇടം കിട്ടാതെ ഓരം ചേർന്ന് അടുത്തുകൂടി പോകുന്നവരെ ഇടിച്ചും തട്ടിയും മുട്ടിയും കൂട്ടംകൂട്ടമായി നിരനിരയായി നീങ്ങുന്നു. റോഡിന് ഇരുവശത്തുമുള്ള കാപ്പിക്കടകളിലും തിരക്ക്. പുറത്തുനിന്നാലും ദോശയുടെയും സാമ്പാറിന്റെയും ഗന്ധം നാസാരന്ധ്രങ്ങളിൽ തുളച്ചു കയറും. കടകളിൽ നിന്ന് കാതുതുളയ്ക്കുന്ന ശബ്ദത്തിൽ സിനിമാഗാനങ്ങളുടെ പ്രവാഹം. നഗരം സജീവം.

അപ്പോഴും ഓഫീസുകളും മറ്റ് ജോലിസ്ഥലങ്ങളും നിർജ്ജീവം. ജോലിക്ക് ഉദ്യോഗസ്ഥരും മറ്റ് ജോലിക്കാരും എത്തിയിട്ടില്ല. അവരുടെ പ്രാരംഭചടങ്ങായ ലോഹ്യങ്ങളും പരദൂഷണങ്ങളും കഴിഞ്ഞ് ഉറച്ചിരിക്കാൻ തുടങ്ങുമ്പോഴേക്കും ഉച്ചഭക്ഷണത്തിനുള്ള സമയം അടുത്തുകഴിഞ്ഞിരിക്കും. നീണ്ട ഉച്ചഭക്ഷണത്തിനുശേഷം ഒന്നും ചെയ്യാൻ തോന്നുന്നില്ല. പിന്നെ ജോലിനിർത്തി വീട്ടിൽ പോകാനുള്ള (വീട്ടിലേക്കാണെങ്കിൽ) ചിന്തയായി.

നാട്ടിൽ ശ്രദ്ധിച്ച മറ്റൊരു കാര്യം, പൊതുവെ എല്ലാവർക്കുമുള്ള ഒരു ചിന്തയാണ് എങ്ങനെ മറുരാജ്യത്തൊന്നു കടന്നുകൂടാമെന്നുള്ളത്. പ്രത്യേകിച്ച് അമേരിക്കയിൽ. പലരും അമേരിക്കയെപ്പറ്റി ദിവാസ്വപ്നം കാണും. പാലും തേനും കിനിയുന്ന ഭൂമിയിലെ പറുദീസ. സമ്പത്തിന്റെ ഹിമാലയം. ആഡംബരങ്ങളുടെ അക്ഷയപാത്രം. എന്തും ഏതും എപ്പോഴും സുലഭം. അവിടെ ചെന്നെങ്കിലേ ആവശ്യത്തിന് പണം സമ്പാദിക്കാനും സുഖമായിട്ട് ജീവിക്കാനും കഴിയുകയുള്ളു. അയൽപക്കത്തെ കുഞ്ഞച്ചൻ പോയിട്ട് എന്തെല്ലാമാണ് കൊണ്ടുവന്നിട്ടുള്ളത്. കാറിൽ മാത്രം സഞ്ചാരം. ഇഷ്ടംപോലെ പണം ചിലവാക്കുന്നു, എല്ലാവർക്കും വാരിക്കൊടുക്കുന്നു. എന്തൊരു സൗകര്യം!

അവിടെ ചെന്നാൽ തങ്ങൾക്കും പണം വാരിക്കൂട്ടാമെന്ന ചിന്തയാണ്. ഉലുത്തിയെടുക്കാമെന്നു ചിന്തിക്കുന്നവരും ഉണ്ടായിക്കൂടെന്നില്ല. എന്നാൽ മറുനാട്ടിൽ പോയിട്ടുള്ളവർ എങ്ങനെ പണം ഉണ്ടാക്കുന്നു, എങ്ങനെ ജീവിക്കുന്നു എന്നൊന്നും ആരും ചിന്തിക്കുന്നില്ലെന്നുള്ളതാണ് കഷ്ടം. അതേപ്പറ്റി ചിന്തിക്കണമെന്നുപോലും ഇല്ല. പ്രത്യേകിച്ച് ഏവരും ഏറ്റവും കൂടുതൽ സ്വപ്നം കാണുന്ന അമേരിക്കയിലെ കാര്യം.

അമേരിക്കയിലെ എല്ലാ സ്ഥാപനങ്ങളും രാവിലെ ആറിനും എട്ടിനുമിടയ്ക്ക് പ്രവർത്തനമാരംഭിച്ചിരിക്കും. ഓഫീസുകൾ ഏഴ്–ഏഴര–എട്ട് അങ്ങനെ ഏതെങ്കിലും സമയത്തായിരുക്കും പ്രവർത്തനം തുടങ്ങുന്നത്. സ്ക്കുളുകളുടെ കാര്യത്തിലും അതുപോലെതന്നെ. രാവിലെ എട്ടുമണിമുതൽ അദ്ധ്യയനം ആരംഭിക്കുന്നു. അതിരാവിലെ എത്രതണുപ്പായാലും മൂടൽമഞ്ഞ് മൂടിക്കിടന്നാലും കുട്ടികൾ തയ്യാറായി റോഡുസൈഡിൽ സ്ക്കുൾബസ് കാത്ത് നിൽക്കുന്നതുകാണാം.

അമേരിക്കിയിൽ അതിരാവിലെ അഞ്ചുമണിക്കുപോലും മിക്ക റെസ്റ്റൊറന്റുകളിലും പ്രഭാതഭക്ഷണം തയ്യാറാണ്. അപ്പോൾ അതിനും വളരെ മുമ്പുതന്നെ അവിടെ ജോലി തുടങ്ങിക്കഴിഞ്ഞിരിക്കുമെന്നുള്ളത് തീർച്ചയാണ്. ആ സമയം പ്രഭാതഭക്ഷണം കഴിഞ്ഞ് ജോലിക്ക് പോകാനും ആളുകളുണ്ട്. ചിലർ 'ഡ്രൈവ്–ഇൻ' (കാറിൽ ഇരുന്നുകൊണ്ടുതന്നെ വാങ്ങിക്കാവുന്ന സൗകര്യം) വഴി വാങ്ങി കാർ ഓടിച്ചുകൊണ്ടുതന്നെ കഴിക്കുന്നു. പലപ്പോഴും കാറിലിരുന്നുകൊണ്ട് പുരുഷന്മാർ ഷേവ്ചെയ്യുന്നതും സ്ത്രീകൾ മേക്കപ്പിടുന്നതുമൊക്കെ കാണാം.

അഞ്ചുമണി മുതലെ റോഡുകളിൽ തിരക്കു തുടങ്ങും. ആറുമണിയാകുമ്പോഴേക്കും നല്ല തിരക്കായി. പിന്നെ കാറുകൾ നിരനിരയായി തൊട്ടുതൊട്ടായി ഒഴുകുകയാണ്. ശാന്തമായ ഒഴുക്ക്. ദൂരെനിന്ന് നോക്കിയാൽ റോഡുമുഴുവനും ഒരു പാർക്കിംഗ് ലോട്ടാണോയെന്ന് തോന്നിപ്പോകും. റോഡിൽനിന്നൊ സൈഡുകളിൽനിന്നൊ യാതൊരു ശബ്ദവും കേൾക്കാനില്ല. ഒരു വാഹനത്തിന്റേയും ഹോണുകൾ മുഴങ്ങുന്നില്ല. ജോലിക്കുപോകുന്നവർ റേഡിയൊയിൽനിന്ന് വാർത്തകൾ കേട്ടുകൊണ്ടിരിക്കും. എട്ടുമണി കഴിയുമ്പോൾ റോഡുകളിൽ തിരക്കുകുറഞ്ഞുതുടങ്ങും.

എട്ടുമണിക്ക് ജോലിയെന്ന് പറഞ്ഞാൽ ആ സമയത്ത് ജോലിസ്ഥലത്ത് എത്തുകയെന്നല്ല, അവനവന്റെ ജോലി തുടങ്ങിയിരിക്കണമെന്നുള്ളതാണ്. രണ്ട് മണിക്കൂർ കഴിയുമ്പോൾ പതിനഞ്ച് മിനിട്ട് ബ്രേക്ക്. ഉച്ചഭക്ഷണത്തിന് അരമണിക്കൂർ. പക്ഷേ ആ സമയത്തെ ശംബളം കിട്ടുകയില്ലെന്നുമാത്രം. അതിന് അത്രയും സമയം കൂടുതൽ ജോലി ചെയ്യണം. സാധാരണ ജോലിക്കാർക്ക് മണിക്കൂറനുസരിച്ചാണ് ശമ്പളം. 8 മണിക്കൂർ ജോലിയെന്നു പറഞ്ഞാൽ എട്ടു മണിക്കൂറും ചെയ്താൽ തീരാത്ത ജോലി ഉണ്ടായിരിക്കും. എന്തെങ്കിലും വീഴ്ചയുണ്ടായാൽ നിയമാനുശ്രിതമായ ശിക്ഷ ഉറപ്പാണ്. ആവർത്തിച്ചുണ്ടാകുന്ന വീഴ്ചകൾ സസ്പൻഷനിലേക്കും, വീണ്ടു തുടർന്നാൽ പിരിച്ചുവിടാനും കാരണമായേക്കും. ഉയർന്ന തസ്തികയിലുള്ളവർക്ക്, എല്ലാ രണ്ടാഴ്ചയിലും ലഭിക്കുമെങ്കിലും മാസശമ്പളമായിരിക്കും. അവർക്കും ജോലിയിൽ നന്നേ തിരക്കായിരിക്കും. അതതു ദിവസത്തെ ജോലി തീരാതെ വന്നാൽ അധികസമയം ഇരുന്ന് ചെയ്തുകൊള്ളണം.

അമേരിക്കയിൽ കുടിയേറിയിട്ടുള്ള മിക്കവാറും എല്ലാ മലയാളികളും ഇന്ന് സാമ്പത്തീകമായി സ്വയം പര്യാപ്തത നേടിയിട്ടുള്ളവരാണ്. എന്നാൽ ഈ സാമ്പത്തീക വിജയത്തിന്റെ പിന്നിലെ കഠിനാദ്ധ്വാനവും സഹിഷ്ണതയും, ഉറങ്ങുന്ന നാട്ടുകാർ എങ്ങനെ മനസ്സിലാക്കാൻ? അമ്മയപ്പന്മാരൊ ബന്ധുക്കളൊ അങ്ങനെ ആരും സഹായത്തിനില്ലാതെ രണ്ടുമൂന്ന് കൈക്കുഞ്ഞുങ്ങളുമായി കടന്നുവന്നവരാണ് മിക്കവരും. ഭാര്യയും ഭർത്താവും രണ്ടു സമയത്തായിരിക്കും ജോലി ചെയ്യുന്നത്. അതായത് ഭർത്താവ് ജോലി കഴിഞ്ഞെത്തുമ്പോൾ ഭാര്യയ്ക്ക് പോകാൻ ധൃതിയായി. അവർ പസ്പരം കാണുന്നതുതന്നെ ചുരുക്കം. സമ്പത്തിന്റെ ഉത്തുംഗസ്വർഗ്ഗത്തിലെന്ന് കരുതി ചൂഷണംചെയ്യപ്പെടുന്ന ഓരോ അമേരിക്കയിലെ മലയാളിയ്ക്കും ഓരോ ഭഗീരഥപ്രയത്നത്തിന്റെ കഥ പറയാനുണ്ടാവും.

ശരീരവും മനസ്സും പ്രവർത്തിക്കാൻ ഏറ്റവും അനുയോജ്യമായസമയം പ്രഭാതമാണ്. അതായത് നാട്ടിൽ ഉറങ്ങി നശിപ്പിക്കുന്ന സമയം. ആ സമയം അമേരിക്കയിൽ ക്രീയാത്മകമാക്കി പ്രയോജനപ്പെടുത്തുന്നു. ചുരുക്കത്തിൽ കേരളം ഉണർന്നുകഴിയുമ്പോഴേക്കും അമേരിക്കയിൽ ഒരു ദിവസത്തിലെ പകുതി ജോലി ചെയ്തുകഴിഞ്ഞിരിക്കും. അതുതന്നെയാണ് അമേരിക്ക പുരോഗമിക്കാനുള്ള ഒരു പ്രധാന കാരണവും. കേരളത്തിലും അതുപോലെ ഇൻഡ്യയുടെ പല ഭാഗത്തും വ്യവസായശാലകളും മറ്റും ഉച്ചഭക്ഷണത്തിനായി രണ്ടുമണിക്കൂർ അടച്ചിടുന്നതു കാണാം. കടകമ്പോളങ്ങൾക്കും ഉറങ്ങാനുള്ള സമയം. ആ സമയത്തെ വ്യവസായം സ്തംഭിച്ചു (ഹർത്താലുകൊണ്ടുള്ള സ്തംഭനം മറ്റൊരുവിഷയംതന്നെയാണ്. അതിവിടെ വിഷയമാക്കുന്നില്ല). ഈ സമയങ്ങളിൽ അത്യാവശ്യത്തിന് എന്തെങ്കിലും വാങ്ങേണ്ടവർക്ക് അത് കഴിയാതാകുന്നു. ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട്. വ്യവസായത്തിൽ കമ്മി. രാജ്യത്തിന് സാമ്പത്തീക നഷ്ടം. പക്ഷേ ഒരുകൂട്ടർക്ക് താല്ക്കാലിക സുഖം; മയക്കം, ഉറക്കം.

'കൈ നനയാതെ മീൻ പിടിക്കുക' എന്ന രീതിയാണ് നാട്ടിലുള്ള മലയാളികളിൽ സാധാരണ കണ്ടുവരുന്നത്. നേരെചൊവ്വെ ജോലിചെയ്യാതെ വളഞ്ഞവഴിയിലൂടെ പണം കണ്ടെത്തി സുഖിക്കണം. എന്നാൽ ഇക്കൂട്ടർ മറുരാജ്യങ്ങളിലെത്തിക്കഴിഞ്ഞാൽ കയ്യല്ല, കാലും തലയും എന്നല്ല ശരീരം മുഴുവനും നനയ്ക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടും കാണിക്കുന്നില്ല (അല്പം പൊള്ളിയാലും അത് സാരമില്ലെന്നു കണക്കാക്കും). അങ്ങനെ മറുരാജ്യങ്ങളിലുള്ള മിക്കവരും എല്ലുമുറിയെ പണിചെയ്യുന്നവരാണ്. കാരണം കഠിനാദ്ധ്വാനം ചെയ്തെങ്കിലെ അവിടങ്ങളിൽ ജീവിക്കാൻ സാധിക്കുകയുള്ളു എന്നവർ മനസ്സിലാക്കുന്നു. അവിടെ എന്തുപണിചെയ്യുന്നതിനും ആർക്കും യാതൊരു മടിയുമില്ല. ഏതു പണിചെയ്യുന്നതിലും ആക്ഷേപം കാണുന്നതുമില്ല. എല്ലുമുറിയെ പണിചെയ്തെങ്കിലെ ജീവിക്കാനൊ പണമുണ്ടാക്കാനൊ സാധിക്കുകയുള്ള. സാമ്പത്തീകമായി ഔന്നത്യം നേടിയിട്ടുള്ള രാജ്യങ്ങളിലെ ക്രമസംവിധാനവും സാമ്പത്തീക സംവിധാനവും അത്തരത്തിൽ രൂപപ്പെടുത്തിയിട്ടുള്ളതാണ്. ഈ രീതി നാട്ടിലും പ്രാവർത്തീകമാക്കിയാൽ പുരോഗതി സുനിശ്ചിതമാണ്.

ജോലി ചെയ്യേണ്ട സമയത്ത് ഉറങ്ങുകയും, ഉണരുമ്പോൾ ജോലി ചെയ്യാതെയുമായാൽ എങ്ങനെ പുരോഗതി ഉണ്ടാകാൻ? പാശ്ചത്യരാജ്യങ്ങളിലെ ജീവിതരീതികളെപ്പറ്റി പഴിപറയുന്നവർ പലരുണ്ട്. എന്നാൽ അവരുടെ ജീവിതത്തിലെ ക്രമപരിപാലനവും നടപടിക്രമങ്ങളും പഴിപറയുന്നവർ മനസ്സിലാക്കുന്നില്ല. അതിന്റെ

ഒരംശംമെങ്കിലും ‘ഡിസിപ്ലിൻ’ നാട്ടുകാരിൽ കണ്ടിരുന്നെങ്കിലെന്ന് ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്.

കേരളം സാക്ഷരതയ്ക്ക് പ്രാധാന്യം കൊടുക്കുന്ന നാടാണ്. ഒരു സമയത്ത് നൂറു ശതമാനം സാക്ഷരത നേടിയിരുന്ന സംസ്ഥാനം. സ്ക്കുളുകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങാനായി മാതാപിതാക്കൾ കുട്ടികളെ പ്രേരിപ്പിക്കുന്നു. അതിനുവേണ്ടി എന്തുതന്നെ ചെയ്യാനും മടിയ്ക്കുന്നില്ല. അമിതമായ ട്യൂഷനും മനപ്പാടമാക്കുന്ന പാഠങ്ങളും കൊണ്ട് കുട്ടികൾ പഠിത്തകാലം കഴിച്ചുകൂട്ടുന്നു. അങ്ങനെ മനപ്പാടമാക്കിയ അക്ഷരങ്ങൾ കടലാസിൽ വിസർജ്ജിക്കുമ്പോൾ കൂടുതൽ മാർക്കിന് അർഹരാകുന്നു (അന്ധരും മന്ദബുദ്ധികളുമായ രാഷ്ട്രീയക്കാരുടെ കരുക്കളായിതീർന്ന് അക്രമാസക്തരായി സ്വയം നശിക്കുകയും നാടിനെ നശിപ്പിക്കുകയും ചെയ്യുന്നതു കഥ വേറെ).

പഠിത്തം കഴിയുമ്പോൾ പ്രായോഗിക ജീവിതത്തെപ്പറ്റി അവർക്ക് ഒന്നും അറിയില്ല. വിദേശരാജ്യങ്ങൾ സ്വപ്നം കണ്ടുകൊണ്ട് വിദ്യാലയങ്ങൾ വിടുന്നു. പിന്നെ പാസ്പോർട്ട് വിസാ മുതലായവയ്ക്കുള്ള ശ്രമങ്ങളായി. ആ സമയത്ത് നമ്മുടെ സംസ്ക്കാരത്തിനൊത്ത് തൊഴിൽ ചെയ്ത് ജീവീക്കാൻ ശ്രമിച്ചിരുന്നെങ്കിൽ! നമ്മുടെ വിദ്യാലയങ്ങളിലും കലാലയങ്ങളിലും അക്ഷരാഭ്യാസത്തിനൊപ്പം നാടൻ സംസ്ക്കാരത്തിനും സാമ്പത്തീക സ്ഥിതിയ്ക്കും അനുസൃതമായി തൊഴിൽ ചെയ്ത് ജീവിക്കാനുമുള്ള അഭ്യാസനവും ആസക്തിയുംകൂടി പകർന്നുകൊടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ?

അമേരിക്കയിൽ, കോളെജുകളിൽ വലിപ്പച്ചെറുപ്പമില്ലാതെ മിക്കവാറും എല്ലാകുട്ടികളും സ്വന്തമായി ജോലിചെയ്തുകൊണ്ടു പഠിക്കുന്നവരാണ്. കലാലായങ്ങൾ ഓരോ തൊഴിൽ ചെയ്യാൻ പരിശീലിക്കുന്നതിനാണ് ബിരുദം നൽകുന്നത്. മാതാപിതാക്കൾ എത്ര പണക്കാരായിരുന്നാലും കോളജിൽ പഠിക്കുമ്പോൾതന്നെ കുട്ടികൾ തൊഴിൽ ചെയ്ത് ജീവിക്കാനും പഠിക്കുന്നു. ഒരു സ്ഥാപനത്തിന്റെ ഏറ്റവും ഉയർന്ന (സി.ഇ.ഒ) ഉദ്യോഗസ്ഥന്റെ മക്കൾ അതേ ഓഫീസിൽ തൂപ്പുകാരായും മറ്റും ജോലിചെയ്യുന്നത് ഒരു പുതിയ സംഭവമല്ല. പഠിക്കാനും പലപ്പോഴും സ്വന്തം ആവശ്യങ്ങൾക്കായിട്ടും ആയിരിക്കും ജോലിചെയ്യുന്നത്. ഓഫീസിലെ ഭക്ഷണസമയത്ത് ഇവരെല്ലാം ഒരുമിച്ച് സന്തോഷത്തോടും തമാശകൾ പറഞ്ഞും ഭക്ഷണം കഴിക്കുന്നു. അതിനുശേഷം അവരവരുടെ ജോലിയിൽ പ്രേശിക്കും. അപകർഷബോധം എന്നത് അവിടെയില്ല. ഏതു തൊഴിലും ഒരു തൊഴിലെന്നതിലുപരി മറ്റൊന്നില്ല.

കുട്ടികൾക്ക് പ്രായോഗിക ജീവിതം നൽകുന്ന കാര്യത്തിലാണ് നമ്മുടെ ആളുകൾ ഏറ്റവും കൂടുതൽ ഉറങ്ങുന്നത്. ആ വിധത്തിൽ കുട്ടികളുടെ ഭാവിയും ഉറങ്ങുന്നു. അല്ലെങ്കിൽ രാഷ്ട്രീയക്കാരുടെ ചട്ടുകങ്ങളായി സ്വയം നശിക്കുന്നു, നാടിനേയും നശിപ്പിക്കുന്നു. ഇതിൽനിന്നെല്ലാം ഉണരാതെ അഥവാ മാറ്റം വരാതെ നാട് പുരോഗമിക്കുകയില്ല.

Feb. 2001